പതിമൂന്നാം കേരളനിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3737 19.02.2013-ൽ മറുപടിയ്ക്ക്.

## ഇടുക്കി മണ്ഡലത്തിൽ വന്യമൃഗങ്ങളുടെ ആക്രമണങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ | ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) ഇടുക്കി നിയോജക മണ്ഡലത്തിൽ വന്യമൃഗങ്ങൾ മനുഷ്യരെ ആക്രമിച്ച എത്ര സംഭവങ്ങൾ കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ നല്കുമോ;<br><br>(ബി) വന്യമൃഗങ്ങൾ കൃഷിയിടം നശിപ്പിച്ചതുമായി ബന്ധപ്പെട്ട് എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്; അത് ഏതെല്ലാം മേഖലകളിൽ എന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും -<br>ഇടുക്കി നിയോജക മണ്ഡലത്തിൽ വന്യമൃഗങ്ങൾ മനുഷ്യരെ ആക്രമിച്ച 4 (നാല്) സംഭവങ്ങൾ കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കോട്ടയം ഡിവിഷനിലെ അയ്യപ്പൻകോവിൽ റെയിഞ്ചിൽ വരുന്ന ലബ്ബക്കട ഭാഗത്ത് കാട്ടുപോത്തിന്റെ ആക്രമണത്തിൽ 2(രണ്ട്) പേർക്കും, എരുമേലി റെയിഞ്ചിലെ വള്ളക്കടവ് മൗണ്ട് ഒ.പി. ഭാഗത്ത് കരടിയുടെ ആക്രമണത്തിൽ ഒരാൾക്കും, കോതമംഗലം ഡിവിഷനിൽ പുള്ളിക്കാനം ഭാഗത്ത് കാട്ടുപന്നിയുടെ ആക്രമണത്തിൽ ഒരാൾക്കും പരിക്കേറ്റിരുന്നു. |
| (സി) മണിയാറൻകുടി, വട്ടമേട്, കാഞ്ചിയാർ എന്നീ പ്രദേശങ്ങളിൽ വന്യമൃഗങ്ങളുടെ ആക്രമണങ്ങൾ വർദ്ധിച്ച സാഹചര്യം കണക്കിലെടുത്ത് വനഭൂമിയും റവന്യൂ ഭൂമിയും തിരിച്ച് കമ്പി വേലി കെട്ടുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ